"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ്- ഇടുക്കി കരിമണൽ പോലീസ് സ്റ്റേഷനിലെ CPO 4126 ശ്രീ.അജീഷ് വർഗീസ് PEN 165632 മെഡിക്കൽ അവധിയിലായിരുന്ന കാലയളവ് പ്രത്യേക അവശതാവധിയായി ക്രമീകരിച്ച് നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (പി) വകുപ്പ്**

സ.ഉ.(സാധാ) നം.1972/2025/HOME തീയതി,തിരുവനന്തപുരം, 13-06-2025

---

പരാമർശം:-

1. 24/08/2017 തീയതിയിലെ സ.ഉ(പി)നം.112/2017/ധനം നമ്പർ ഉത്തരവ്
2. സംസ്ഥാന പോലീസ് മേധാവിയുടെ 09/04/2024, 05/07/ 2024, 18/02/2025, 29/04/2025 എന്നീ തീയതികളിലെ ഇ5-56347/ 2024/PHQ നമ്പർ കത്തുകൾ

**ഉത്തരവ്**

ഇടുക്കി കരിമണൽ പോലീസ് സ്റ്റേഷനിലെ CPO 4126 ശ്രീ.അജീഷ് വർഗീസ് 19/12/2023-ന് ഡ്യൂട്ടി കഴിഞ്ഞ് തിരികെ പോകും വഴി അപകടം സംഭവിക്കുകയും, തൊടുപുഴ ചാഴിക്കാട് ആശുപത്രിയിൽ ചികിത്സ തേടുകയും, തുടർന്ന് ഡോക്ടറുടെ നിർദ്ദേശ പ്രകാരം അവധിയിൽ പ്രവേശിക്കുകയുമുണ്ടായി. ഇപ്രകാരം ടിയാന്റെ 20/12/2023 തീയതി മുതൽ 14/02/2024 വരെയുള്ള 55 ദിവസത്തെ കാലയളവ് പ്രത്യേക അവശതാവധിയായി ക്രമീകരിക്കണമെന്ന് സംസ്ഥാന പോലീസ് മേധാവി അഭ്യർത്ഥിക്കുകയും, ആയത് പരാമർശം (2) പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ ലഭ്യമാക്കുകയുമുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.അജീഷ് വർഗീസ് മെഡിക്കൽ അവധിക്കു ശേഷം 15/02/2024 തീയതിയിൽ ജോലിയിൽ പുനഃപ്രവേശിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട ലീവ് റോൾ പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നുണ്ട്. കൂടാതെ ടിയാന് അപകടം സംഭവിച്ചത് ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിലാണെന്ന് കരിമണൽ PS SHO സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. ഈ സാഹചര്യത്തിൽ ഇടുക്കി കരിമണൽ പോലീസ് സ്റ്റേഷനിലെ CPO 4126 ശ്രീ.അജീഷ് വർഗീസിന് ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ സംഭവിച്ച അപകടത്തെ തുടർന്ന് ടിയാൻ മെഡിക്കൽ അവധിയിലായിരുന്ന 20/12/2023 തീയതി മുതൽ 14/02/2024 വരെയുള്ള കാലയളവ് കെഎസ്ആർ ഭാഗം 1 ചട്ടം 98 പ്രകാരം പ്രത്യേക അവശതാവധിയായി ക്രമീകരിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANJU M

ഡെപ്യൂട്ടി സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) തിരുവനന്തപുരം

ശ്രീ.അജീഷ് വർഗീസ്, CPO 4126 (സംസ്ഥാന പോലീസ് മേധാവി മുഖേന)
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Sini George
Date: 16-06-2025 10:01:40
സെക്ഷൻ ഓഫീസർ